ദേശാഭിമാനി

08 December 2023

# കൊച്ചിയിൽ വരുന്നു 'മില്ലറ്റും മീനും' പ്രദർശന ഭക്ഷ്യമേള

കൊച്ചി

മീനിനോടൊപ്പം പോഷകാഹാരമായി ചെറുധാന്യങ്ങളും (മില്ലറ്റ്) പ്രോത്സാഹിപ്പിക്കുന്നതിന് കൊച്ചിയിൽ 'മില്ലറ്റും മീനും' പ്രദർശന–ഭക്ഷ്യമേള വരുന്നു. 28 മുതൽ 30 വരെ സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ എറണാകുളം കൃഷിവിജ്ഞാന കേന്ദ്രമാണ് മേള സംഘടിപ്പിക്കുന്നത്. സിഎംഎഫ്ആർഐയിൽ നടക്കുന്ന മേളയിൽ വിൽപ്പനക്കാരുടെയും വാങ്ങുന്നവരുടെയും സംഗമം, മില്ലെറ്റ്–മീൻ ഭക്ഷ്യമേള, ജീവനുള്ള മീനുകളുടെയും ചെറുധാന്യങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും വിപണനം, പാചകമത്സരം, മില്ലെറ്റ് കുക്കറി ഷോ, സാങ്കേതികവിദ്യാ പ്രദർശനം, പോഷകാഹാര ചർച്ചകൾ, സെമിനാറുകൾ എന്നിവയും നടക്കും.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ചെറുധാന്യ കർഷകർ, ഉൽപ്പാദന കമ്പനികൾ, മത്സ്യസംസ്കരണ സംരംഭകർ തുടങ്ങിയവർ മേളയിൽ പങ്കെടുക്കുമെന്നും സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അറിയിച്ചു. ഫോൺ: 94963 03457.